# പാരമ്പര്യവും അടൂർ സിനിമകളും

**ഡി.വി. അനിൽകുമാർ***

വർത്തമാനകാലം ഇല്ല എന്ന് വാദിക്കുന്നതിൽ കഴമ്പ്. ഇപ്പോൾ പറയുന്നതും എഴുതുന്നതും തന്നെ ഭൂതകാലത്തിന്റെ ഭാഗമായിക്കഴിഞ്ഞെങ്കിൽപ്പിന്നെ വർത്തമാന കാലം നിമിഷത്തിൽ അവസാനിക്കുന്നു എന്ന് പറയേണ്ടി വരുന്നു. നമ്മൾ ജീവിക്കുന്നത് തന്നെ ഭൂത കാലത്തിലാണ് എന്നതാണ് സത്യം. വർത്തമാനം ഒരു അതിര് മാത്രം. ഭാവിയിലേക്കും ഭൂതത്തിലേക്കും വഴുതിപ്പോകാവുന്ന ഒരു മനസ്സുമായാണ് നമ്മുടെ ജീവിതം.

എങ്കിലും കാര്യങ്ങളെ അവതരിപ്പിക്കുന്നതിനും മനസ്സിലാക്കുന്നതിനുള്ള എളുപ്പത്തിനായി നാം കാലികം, സമകാലികം തുടങ്ങിയ സംജ്ഞതകളെ സൃഷ്ടിച്ച് വർത്തമാനത്തെ വ്യക്തമാക്കുന്നു. അപ്പോൾ, ഭൂതമാണ് പ്രസക്തമെന്നിരിക്കെ വിദൂരഭൂതവും അപ്രസക്തമല്ല എന്നുവരുന്നു. ഏത് ലഹരിയും ഉൻമാദത്തിലേക്ക് നയിക്കുന്നതുപോലെ ഭൂതകാല രതിയും ഉൻമാദത്തിലേക്ക് തന്നെ നയിക്കുന്നു. അവിടെ നഷ്ടപ്പെടുന്നത് യുക്തിയാണ്. അത് നൊസ്റ്റാൾജിയയാണ്. അവിടെ അയവിറക്കലും നെടുനിശ്വാസവും ഉാകുന്നു. അത് നിങ്ങളെ നിശ്ചലനാക്കി മാറ്റിയേക്കാം. അത് അകർമ്മണ്യതയാണ്. ഭൂതകാലത്തെ തിരിച്ചുകൊണ്ടുവരാൻ അമിതാവേശം കാണിക്കലായും മാറിയേക്കാം. അത് ചരിത്രത്തെ അവഗണിക്കലാണ്. അത് കൃത്രിമമാണ് പിഴച്ചവഴിയാണത്. ചവിട്ടിനിൽക്കുന്ന മണ്ണ് ഭുതകാലത്തിന്റേതും ജീവിക്കുന്ന ശ്വാസം ഭൂതകാലത്തിന്റേതുമാകുമ്പോൾ അതിൽ ഊന്നി നിന്നുകൊണ്ടുതന്നെ നടത്തുന്ന പ്രവർത്തനങ്ങളാണ്, വിജയം വരിക്കുക "ഭൂതകാലത്തിൻ പ്രഭാതതന്തുക്കളാൽ ഭൂതി മത്തായൊരു ഭാവിയെ നെയ്കനാം" എന്ന വള്ളത്തോളിന്റെ വരികൾ ഇവിടെ അർത്ഥം നേടുന്നു.

ഫ്യൂഡലിസത്തിന്റെ ഘടകങ്ങളെ ആരാധനയോടെ കാണുകയും അവയുടെ പുനരാവാഹത്തിനും പുനരുജ്ജീവനത്തിനും ശ്രമിക്കുന്ന നമ്മുടെ ചില നവീന സിനിമാക്കാരുടെ രീതി അടൂർ ഒരിക്കലും സ്വീകരിച്ചിരുന്നില്ല. ഫ്യൂഡൽ വ്യവസ്ഥയുടെ ആലസ്യം വിട്ടുമാറാതിരുന്ന കേരളീയ സമൂഹത്തിലാണ് അടൂർ പിറന്നു വീണത്.

** അസിസ്റ്റന്റ് പ്രൊഫസർ, മലയാളം വകുപ്പ്, ഗവ: കോളെജ്, ആറ്റിങ്ങൽ, തിരുവനന്തപുരം കേരളം.*

1941 – ജൂലായ് മൂന്നിനായിരുന്നു അത്. പഴയ തിരുവിതാംകൂറിലെ കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിലെ അടൂരിലെ പ്രാന്ത പ്രദേശമായ പള്ളിക്കലിൽ ധാരാളം പറമ്പും വയലും എല്ലാം ഉണ്ടായിരുന്ന ഒരു പ്രഭു കുടുംബത്തിൽ പിറന്ന അടൂർ ഒരു രാജ്യാന്തര വ്യക്തിത്വമായി വളർന്നത് തന്റെ പാരമ്പര്യത്തെ ഏറ്റവും നന്നായി മനസ്സിലാക്കിയത് കൊണ്ട് മാത്രമാണ്. താനാരാണ് എന്ന അത്യന്തികമായ ചിന്തയാണല്ലോ താനാരായിത്തീരണം എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്നത്. അവിടെ തടസ്സങ്ങളായി നിൽക്കുന്നത് പാരമ്പര്യമാണെങ്കിൽ അതിനേയും ധ്വംസിക്കാൻ കഴിയണം. കലാകാരന്റെ മാർഗം കലാവിഷ്കാരങ്ങളിലൂടെയുള്ള ധ്വംസനമാണെങ്കിൽ, അതിന് ഏറ്റവും നല്ല മാതൃകയായി സ്വീകരിക്കാവുന്നതാണ് അടൂരിന്റെ മാർഗം.

അടൂരിന്റെ സിനിമകൾ മലയാള സിനിമാചരിത്രത്തേയും രീതികളേയും മാറ്റി മറിക്കുന്നവയായിരുന്നു. 1972-ലെ സ്വയംവരത്തിന്റെ രചനയ്ക്ക് മുൻപ് തന്നെ മലയാള സിനിമാ പാരമ്പര്യത്തെ ഉഴുതു മറിക്കാനുള്ള ശ്രമങ്ങൾ അടൂർ നടത്തിയിരുന്നു. ചിത്രലേഖാ ഫിലിം സൊസൈറ്റിയുടെ രൂപീകരണം മുതൽ സഹകരണ സംഘം രൂപീകരിച്ച് ചിത്രം നിർമ്മിക്കാനുള്ള പരിശ്രമം വരെ വിജയകരമായി പരീക്ഷിക്കപ്പെട്ട സംരഭങ്ങളെ നമുക്ക് കാണാതിരുന്നു കൂടാ. അകാലത്ത് സാഹിത്യത്തിൽ പരീക്ഷിക്കപ്പെട്ട ആധുനികതയുടെ അംശങ്ങളുടെപോലും വിമർശനമാണ് അടൂർ സിനിമ എന്നത് ശ്രദ്ധിക്കപ്പെടാതെ പോയ സംഗതിയാണ്.

പരമ്പരാഗതമായി മലയാള സിനിമ തുടർന്നു പോന്നിരുന്ന- പലായന സ്വഭാവത്തെ അടൂർ ആക്രമിക്കുകയായിരുന്നു. ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്നുമുള്ള ഏത് തരത്തിലുള്ള പാലായനവും അടൂരിന് സഹിക്കുമായിരുന്നില്ലല്ലോ. അത് കഥാപാത്രങ്ങളുടേതായാലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അവിടെ വൈരുധ്യങ്ങളെ അദ്ദേഹം-ഇഷ്ടപ്പെട്ടില്ല, ചിന്തയുടെ മാർഗത്തെ അടൂർ പിൻതുടർന്നു. ചിന്തിപ്പിക്കുന്ന കലയായി അതിനെ പരിവർത്തി തമാക്കി. സാമൂഹ്യം, ഭക്തി, പുരാണം, ചരിത്രം, കുറ്റാന്വേഷണം തുടങ്ങിയ ഇതിവൃത്തങ്ങളെ സ്വീകരിച്ച് പ്രണയത്തിൽ ചാലിച്ച് പാട്ടും, കൂത്തും, സ്ററണ്ടും കൂട്ടിക്കലർത്തി ജനങ്ങളുടെ പാലായന ശീലത്തെ ഉദ്ദീപിപ്പിച്ചിരുന്ന ഉത്സവ സ്വഭാവമുള്ള സിനിമാപാരമ്പര്യത്തിലുള്ള തിരിച്ചടിയായിരുന്നു അടൂരിന്റെ സിനിമകൾ. നമ്മുടെ പാരമ്പര്യം എന്ന ഒന്ന് മലയാള സിനിമയ്ക്ക് ഇല്ലായിരുന്നു. അത് തമിഴിന്റേയും ഹിന്ദിയിലൂടേയും അനുകരണമായിരുന്നു. ആ പാരമ്പര്യത്തെ ധ്വംസിച്ചതിലൂടെ, മലയാള സിനിമയുടെ പുതിയ പാരമ്പര്യത്തിന് തുടക്കമിട്ടതിലൂടെ മലയാള സിനിമയുടെ കാരണവരും, യഥാർത്ഥ പാരമ്പര്യത്തിന്റെ സ്രഷ്ടാവുമായിത്തീർന്നിരിക്കുന്നു അടൂർ.

സിനിമയുടെ ഭാവത്തിൽ മാത്രമല്ല രൂപത്തിലും പാരമ്പര്യ ധ്വംസനത്തിന്റെ മാർഗം തന്നെയാണ് അടൂർ നടത്തിയത്. ശബ്ദായമാനമായ പാട്ടിന്റേയും കൂത്തിന്റേയും അന്തരീക്ഷത്തിലേയ്ക്ക് പ്രകൃതി ശബ്ദങ്ങളെ മാത്രം ഉപയോഗിച്ച് കൊടിയേറ്റം ആവിഷ്കരിച്ചപ്പോൾ അത് നവീന പാരമ്പര്യ സൃഷ്ടി തന്നെയായിമാറി. അത് നവീന ചലച്ചിത്രകാരൻമാരുടെ ഒരു പരമ്പരയെതന്നെ സൃഷ്ടിക്കുന്നതാകുമ്പോൾ മാർഗ്ഗദർശിയുടെ ദർശനത്തിന് ആഴം കൂടുന്നു. ഷോട്ടുകളുടെ ദൈർഘ്യം, സംയുക്ത പ്രതീകങ്ങളുടെ ഉപയോഗം എന്നിങ്ങനെ പ്രേക്ഷകനെ ചിന്തിപ്പിക്കുന്ന

സിനിമയായി അടൂരിന്റെ സിനിമ മാറി. ഇരുളിന്റേയും പ്രകാശത്തിന്റേയും നവ വിതാനങ്ങൾ അർത്ഥദ്യോതകമായി. ഹോളിവുഡിന്റെ സ്ക്രീൻ നിറഞ്ഞ വെളിച്ചത്തിന്റെ പാരമ്പര്യം ധ്വംസിക്കപ്പെട്ടു. പാശ്ചാത്യമായ പ്രചോദനം അദ്ദേഹം സ്വീകരിച്ചിരുന്നു. സത്യജിത്ത്റായിയും ഋത്വിക്ഘട്ടക്കും പ്രചോദിപ്പിച്ചിരുന്നു. പക്ഷെ ആ ഊർജ്ജങ്ങളെ നവീന പാരമ്പര്യത്തിലൂന്നിനിന്നുകൊണ്ട് ഉപയോഗിച്ചു എന്നതാണ് അടൂരിന്റെ വിജയം. ആദ്യ സിനിമയായ സ്വയംവരത്തിൽ ആരോപിതമായ ഋത്വക്ഘട്ടക്കിന്റെ സുവർണരേഖയുടെ സ്വാധീനത്തെ അടൂർ അംഗീകരിക്കുകയും ചെയ്തു അതും പക്ഷെ സ്വാധീനമായിരുന്നു.

താൻ പിറന്നു വീണ പാരമ്പര്യത്തിന്റെ നല്ല അംഗങ്ങളെ അടൂർ കാണാതെ പോകുന്നില്ല. ഐൻസ്റ്റീനെ തന്റെ മോണ്ടാഷ് (montage) ആവിഷ്കരിക്കാൻ സഹായിച്ചത് ജപ്പാനീസ് കബൂക്കിയായിരുന്നു ഒരു പക്ഷേ കേരളീയമായ കഥകളിക്കിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ചലച്ചിത്രസിദ്ധാന്തത്തിന് കൂടുതൽ കരുത്തുനൽകാൻ അത് സഹായിക്കുമായിരുന്നെന്ന് അടൂർ തന്നെ പറയുന്നു്. കേരളീയമായ കൂടിയാട്ടത്തിന് യു. എൻ.ന്റെ പൈതൃക പട്ടികയിൽ കയറിപ്പറ്റാൻ കഴിഞ്ഞത് അടൂർ കൂടിയാട്ടത്തെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി കണ്ടതു കൊണ്ട് മാത്രമാണ്. കൃഷ്ണനാട്ടം, മോഹിനിയാട്ടം, തുടങ്ങിയ കേരളീയ കലകളെക്കുറിച്ചും കലാരംഗത്തെ കലാകാരൻമാരെക്കുറിച്ചും ഡോക്യുമെന്ററികൾ നിർമ്മിച്ചതിലൂടെ നമ്മുടെ പാരമ്പര്യത്തെ ലോകരെ ധരിപ്പിക്കുക എന്ന കർത്തവ്യവും അടൂർ നിർമ്മിച്ചു.

അടൂർ തന്റെ സിനിമകളിൽ ആവിഷ്കരിച്ചത് തനിക്ക് പരിചിതമായ ഫ്യൂഡൽ വ്യവസ്ഥയിലെ കുടുംബ ബന്ധങ്ങളും സാമൂഹ്യ ബന്ധങ്ങളുമാണ്, കൂടുതലും. അനന്തരം മുഖാമുഖം എന്നീസിനിമകളിലും സ്വയംവരത്തിലും, വിധേയനിലും കുറച്ചുകൂടി വ്യത്യസ്തമായ സാമൂഹിക പരിസരങ്ങളെ അവതരിപ്പിക്കുമ്പോഴും ഈ ഇതിവൃത്തങ്ങളിലും അവതരണരീതികളിലുമെല്ലാം അന്തർധാരയായി പ്രവർത്തിച്ചിരുന്ന ഒരു പ്രധാനഘടകം ഉണ്ടായിരുന്നു. അത് അടൂർ എന്നും വെറുത്തിരുന്ന ഒരു ഫ്യൂഡൽ ഘടകമായിരുന്നു. തന്റേയും കുടുംബത്തിന്റേയും സമുദായത്തിന്റേയും, സമൂഹത്തിന്റേയും നാശത്തിന് കാരണമായിത്തീരുന്നത് അതാണെന്ന് അടൂർ വിശ്വസിച്ചിരുന്നു. മനുഷ്യനേയും മനുഷ്യജീവിതത്തെയും തകർക്കുന്ന ആ ഘടകം- അകർമ്മണ്യതയായിരുന്നു. കർമ്മം ചെയ്യാതെ നശിച്ചുപോയ മനുഷ്യരുടേയും തറവാടുകളുടേയും അനുഭവലോകം അടൂരിന്റെ മനസ്സിനെ വ്യാകുലമാക്കിയിരുന്നു. അലസതയുടെ തത്വശാസ്ത്രത്തെ അദ്ദേഹത്തിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. അകർവമ്മണ്യ തയിലേക്കുപോകുന്ന വ്യക്തിയും, സമൂഹവും, കുടുംബവും, പ്രസ്ഥാനവും എങ്ങനെ ജീർണിക്കുന്നു എന്ന് വ്യക്തമാക്കുന്നവയാണ് അടൂരിന്റെ സിനിമകൾ. ഈ സിനിമകളുടെ ആവിഷ്കരണത്തിലൂടെ അടൂർ സ്വന്തം പാരമ്പര്യത്തെയാണ് വിമർശന വിധേയമാക്കുന്നത്. അത് സ്വയം വിമർശനവുമാണ്.

കാർഷികജീവിതത്തോടും കായികാധ്വാനത്തോടും പൊതുവേ തന്നെ വിമുഖമായി ഒരു സമൂഹമായിരുന്നു കേരളത്തിന്റേത്. 1911-ൽ കാർഷിക ജീവിതം നയിക്കുന്നവരുടെ

ദേശീയ ശരാശരി 74% ആയിരിക്കുമ്പോൾ കേരളത്തിലേത് 65.5% മാത്രമാണ്. 1981–91 കാലത്ത് ബീഹാറിൽ 94% മാണെങ്കിൽ കേരളത്തിലേത് 26% ആയികുറഞ്ഞിരിക്കയാണ്. സമൂഹത്തിന്റെ ചലനാത്മകത വർദ്ധിപ്പിക്കുന്ന ഗതാഗതസൗകര്യങ്ങൾ വർദ്ധിച്ചതോടെ വിദേശത്തേക്കുള്ള കുടിയേറ്റവും വർദ്ധിച്ചു. 1970– കളിൽ ഇത് ശക്തമായിത്തുടരുകയും 1990 കളിൽ പാരമ്യത്തിലെത്തുകയും ചെയ്തിരുന്നു. ആകെ കുടിയേറ്റത്തിന്റെ 53.79% വും പശ്ചിമേഷ്യയിലേക്കായിരുന്നു. 43.91% മറ്റ് സംസ്ഥാനങ്ങളിലേക്കും, 2.30% മറ്റ് രാജ്യങ്ങളിലേക്കുമായിരുന്നു. കേരളം അമേരിക്കയുടെ 1/60 പ്രതിശീർഷവരുമാനം മാത്രമുള്ള സംസ്ഥാനമായിരിക്കെ തന്നെ ആരോഗ്യ- വിദ്യാഭ്യാസ രംഗത്ത് അമേരിക്കയ്ക്ക് സമശീർഷമായി പുതിയ മാതൃകയും സൃഷ്ടിച്ചു. പക്ഷേ പഴയ ഫ്യൂഡൽ പ്രേത ങ്ങൾ അവിടത്തന്നെ നിലയുറപ്പിച്ചിരുന്നു. അതിലുറച്ച അഭിമാനബോധത്തെ വിടാൻ കൂട്ടാക്കാതെ, പ്രവർത്തിക്കാനൊരുക്കമല്ലാതിരുന്ന തന്റെ വംശത്തെ അടൂർ വിമർശിച്ചു. കർമ്മവിമുഖനാകുന്ന പ്രസ്ഥാനനായകനെ അടൂർ വിമർശിച്ചു. (മുഖാമുഖം). കർമ്മവി പുണനാകുന്ന ആധുനിക യുവാവിനെ അടൂരിന് അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. (അനന്തരത്തിലെ അജയൻ). പഴയ ഫ്യൂഡൽ അധികാരം നഷ്ടപ്പെട്ടിട്ടും അതറിതെ പ്രവർത്തിക്കുന്നവന് മാത്രമാണ് ശിക്ഷ. (വിധേയൻ-പട്ടേലർ). പുതിയ പ്രവർത്തന മേഖല കത്തൊതെ വിവാഹിതനായി ഒളിച്ചോടുന്ന യുവാവിനും ജീവിതവിജയം സാദ്ധ്യമല്ല (സ്വയംവരം-മധു). ഈ കഥാപാത്രങ്ങളിലെല്ലാം എലിപ്പത്തായത്തിലെ ഉണ്ണി എന്ന കഥാപാത്രത്തിന്റെ ആത്മാവിന്റെ അംശം അല്പമെങ്കിലും ഉണ്ട്. അത് ഫ്യൂഡലിസത്തിന്റെ ആലസ്യവും ജഡതയുമാണ്. അത് സമൂഹത്തെ ചലിപ്പിക്കാത്ത ജാതിയും, അയിത്തവുമായി മാറി ഇന്ത്യൻ സമൂഹത്തെ നിശ്ചലമാക്കിയതിനെക്കുറിച്ച് മാർക്സ്സ് ഉൾപ്പെടെയുള്ള സാമൂഹിക ശാസ്ത്രജ്ഞൻമാർ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ആ ആലസ്യത്ത്യന്റെ പ്രേതം പിടികൂടിയ മനുഷ്യരുടെ തകർച്ചയെ സൂചിപ്പിക്കുന്നതിലൂടെ അടൂർ സ്വയം വിമർശകനാകുന്നു.

അടൂരിന്റെ സിനിമകൾ പാരമ്പര്യത്തിന്റെ വാഴ്ത്തലുകളല്ല. സ്വന്തം ചരിത്രത്തിന്റെ അവ ലോകനമാണ് അത്. നവ ചരിത്ര നിർമ്മിതിയാണ് അത്; കുറ്റപ്പെടുത്തലല്ല. ഇഴകീറി പരിശോധിക്കലാണ്. ആത്മ നവീകരണമാണ്. അവിടെ സത്യസ ന്ധതയുണ്ട്. ആത്മാർത്ഥതയുണ്ട്. പരിചിത ദേശത്തിന്റെ പര്യവേക്ഷണമാണത്. അന്യദേശത്തേയ്ക്കുള്ള തീർത്ഥാടനമല്ല. അവിടെ ആരാധനയില്ല. വൃഥാ വിമർശന വുമില്ല. വാഴ്ത്തലും വീഴ്ത്തലുമല്ല. കലയെ വില്പനയ്ക്കു വയ്ക്കാനായി നടത്തുന്ന “കപട സംസ്കാര” പ്രദർശനമല്ല. പ്രവർത്തിക്കാത്തതിന്റെ തത്വനഷ്ടം അവിടെ അംഗീരിക്കപ്പെടുന്നില്ല. നമുക്ക് പ്രവർത്തിച്ച് മരിക്കാം എന്ന് ആഹ്വാനം ചെയ്യുന്ന സിനിമകൾക്ക് സാർവ്വലൗകികസ്വഭാവമുണ്ട്. അങ്ങനെ അവ ലോക ക്ലാസിക്കുകളായി മാറുന്നു.

*സഹായകഗ്രന്ഥങ്ങൾ*

1. *അടൂർ ഗോപാലകൃഷ്ണൻ സിനിമയിൽ ഒരു ജീവിതം – ഗൗതമൻ ഭാസ്കരൻ മാതൃഭൂമി ബുക്സ്–2011*
2 *M. Retnaraj, Social change in the Kerala Agrarian Society with speical reference to occupational diversity and its impact- Ph D Thesis- Kerala University - 1999*